E 8014 (Pages : 3) Reg. No.................................

Name.....................................

# B.Com. DEGREE (C.B.C.S.S.) EXAMINATION, MAY 2014

## Second Semester

Additional Language—Malayalam

## ഗദ്യം—രചനയും പ്രയോഗവും

(For Model I B.Com.)

[2013 admissions]

Time : Three Hours Maximum : 80 Marks

## Group I

I. തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

1 വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥയുടെ പേര്.

2 ഇ.എം.എസ്. അവസാനമായി എഴുതിയ കൃതി.

3 കാഫ്കയുടെ 'രൂപാന്തരണം' എന്ന കഥയിലെ നായകൻ.

4 ഇന്ത്യൻ ഭരണഘടനയിൽ അവസരസമത്വം ഉറപ്പാക്കുന്ന വകുപ്പ് ഏത് ?

5 അധ്വാനത്തിന്റെ കവിത സൃഷ്ടിക്കുവാൻ തൊഴിലാളികളോട് ആവശ്യപ്പെട്ടത് ആര് ?

6 'ശ്രാദ്ധം' എന്ന വാക്കിന്റെ തത്ഭവം :

(a) ചിത്തം. (b) നൃത്തം.

(c) ചാത്തം. (d) മോക്ഷം.

7 താഴെപ്പറയുന്നവയിൽ ശരിയായ പദമേത് ?

(a) വിദ്യുച്ഛക്തി. (b) വിദ്യുച്ഛ്ക്തി.

(c) വിദ്യുശക്തി. (d) വിത്യുൽശക്തി.

8 അർഥ വ്യതിയാനം കണ്ടെത്തുക :-

അനലൻ :- അഗ്നി : അനിലൻ : ——————— ?

9 താഴെപ്പറയുന്നതിൽ ശരിയായ വാക്യമേത് ?

(a) അയാൾ വെറും ജലപാനം മാത്രം നടത്തി.

(b) ഇതെല്ലാം നിഷ്ഫലമായ പാഴ്‌വേലകളാണ്.

(c) കുറഞ്ഞത് അമ്പതു രൂപയെങ്കിലും സംഭാവന നൽകണം.

(d) ഹൃദയത്തിന്റെ ഭാഷയിൽ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

Turn over

10 പരസ്പരബന്ധമുള്ള പദം കണ്ടുപിടിക്കുക :

ഒ.വി. വിജയൻ : ധർമപുരാണം - എം.ടി : ______________.

(a) ഗുരുസാഗരം. (b) മഞ്ഞ്.

(c) പറങ്കിമല. (d) ആടുജീവിതം.

(10 × 1 = 10)

## Group II

II. ഒരു ഖണ്ഡികയിൽ (അമ്പതു വാക്ക്) കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

11 മുണ്ടശ്ശേരിയിൽ നിന്ന് മാരാരിലേയ്ക്കുള്ള സമന്വയചിന്തയുടെ പ്രസക്തി ഇ.എം.എസിന്റെ ജീവിതത്തിൽ ലേഖിക കണ്ടെത്തുന്നതെങ്ങനെ ?

12 ഇക്കോ ഫെമിനിസം എന്നാലെന്ത് ?

13 അനശ്വരതയെക്കുറിച്ച് വാൻലൂൺ അവതരിപ്പിക്കുന്ന ആശയമെന്ത് ?

14 സാംസ്കാരിക പ്രവർത്തനത്തിന്റെ ഉന്നമായി വി.ടി. ഭട്ടതിരിപ്പാട് കാണുന്നതെന്ത് ?

15 റഷ്യക്കാരുടെ അധ്വാനത്തെക്കുറിച്ച് ഗോർക്കി എഴുതിയതെന്ത് ?

16 'സെക്യുലർ' എന്ന പദത്തിന്റെ അർഥമെന്ത് ?

17 വൈശാലിയിലെ ജനാധിപത്യത്തെ എൻ.എസ്. മാധവൻ നിരീക്ഷിക്കുന്നതെങ്ങനെ ?

18 റബറിന്റെ സംസ്കാരം ഭരണവർഗത്തിന്റെ സംസ്കാരമാണ് എന്ന് ലേഖകൻ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

19 ബ്ലോഗ് എന്നാലെന്ത് ?

20 ലിപ്യന്തരണം—കുറിപ്പെഴുതുക.

21 ഇ-ഗവേണൻസ് എന്നാലെന്ത് ?

22 ഇ-കൊമേഴ്സിന്റെ സവിശേഷത എന്ത് ?

(8 × 2 = 16)

## Group III

III. ഒരു പുറത്തിൽ കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 ഇന്ത്യയിൽ ദാരിദ്ര്യം ഒരു സംസ്കാരം തന്നെയാണെന്ന് എം.ടി. പറയാൻ കാരണമെന്ത് ?

24 സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചുള്ള ഇ.എം.എസ്സിന്റെ നിലപാട് ലേഖിക നോക്കിക്കാണുന്നതെങ്ങനെ ?

25 'സിനിമയെ തിന്നുന്ന ടെലിവിഷൻ' എന്ന ആശയത്തിന്റെ സാംഗത്യമെന്ത് ?

26 'തേൻവരിക്കകൾ ഉന്മൂലനം ചെയ്യുന്നതിലൂടെ ഒരു സമുദായത്തിന്റെ ഭക്ഷണവും സംസ്കാരവുമാണ് കൊള്ള ചെയ്യുന്നത്'—വിശദമാക്കുക.

27 'പുകക്കുഴൽ അടിച്ചു വാരുന്നവൻ' എന്ന കഥയെ കെ.പി. അപ്പൻ നിരൂപിക്കുന്നതെങ്ങനെ ?

28 കവിതാവിവർത്തനത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

29 ഔദ്യോഗിക കത്തിടപാടുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

30 തപാലിന്റെ ചരിത്രം—കുറിപ്പെഴുതുക.

31 ഇ-കൊമേഴ്സിന്റെ ഗുണങ്ങളും പരിമിതികളും ചൂണ്ടിക്കാണിക്കുക.

(6 × 4 = 24)

## Group IV

IV. നാലു പേജിൽ (നാനൂറ് വാക്ക്) കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

32 'കാര്യകാരണങ്ങൾ' എന്ന പാഠഭാഗത്തിലൂടെ ഇ.എം.എസിന്റെ ജീവിതദർശനം ആവിഷ്ക്കരിക്കപ്പെടുന്നുണ്ടോ ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

33 ഇക്കോ ഫെമിനിസത്തിന്റെ സമകാലികപ്രസക്തി ചർച്ച ചെയ്യുക.

34 'മനുഷ്യത്വമെന്ന മതം' എന്ന പാഠത്തിലൂടെ വി.ടി. ചർച്ച ചെയ്യുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

35 സാംസ്കാരിക ചിന്തയിൽ ബ്ലോഗ് ചെലുത്തുന്ന സ്വാധീനം ഉദാഹരണസഹിതം വിശദമാക്കുക.

(2 × 15 = 30)